## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 5910 **30.07.15 ൽ മറുപടിയ്ക്ക്**

### ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ.ബി.ഡി. ദേവസ്സി | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | അവസാനമായി റോയൽറ്റി എന്നാണ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ; | (ബി) | 05.01.2015-ൽ |
| (സി) | പ്രസ്തുത വർദ്ധനവ് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ സമ്മർദ്ദമുണ്ടോ; ധനകാര്യവകുപ്പ് ഇതിന്മേൽ അഭിപ്രായം നൽകുകയുണ്ടായിട്ടുണ്ടോ; | (സി) | റോയൽറ്റി വർദ്ധനവ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ചില ക്വാറി/ ക്രഷർ ഉടമകൾ ബഹു.ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ചിലർ സർക്കാരിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. റോയൽറ്റി നിരക്കുകൾ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ ധനവകുപ്പ് അനുകൂല അഭിപ്രായം നൽകിയതിന്റെ വെളിച്ചത്തിലാണ് 05.01.2015 ൽ റോയൽറ്റി നിരക്കുകൾ വർദ്ധിപ്പിച്ചത്. |
| (ഡി) | ക്വാറി ഉടമകൾ, ക്വാറികളിൽ നിന്ന് കൊണ്ടുപോകുന്ന കരിങ്കല്ലിന് കൃത്യമായ കണക്ക് നൽകാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതഖനനം, ശേഖരണം, കടത്തൽ ഇവ തടയുന്നതിലേയ്ക്കായി വിപുലമായ ചട്ടങ്ങൾ ഉൾപ്പെടുത്തി കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ് 2015 പുറപ്പെടുവിച്ചിട്ടുണ്ട്. കർശനമായ |

| | | | |
|---|---|---|---|
| | | | ശിക്ഷാനടപടികൾ, ഉയർന്ന തോതിലുള്ള പിഴ എന്നിവ ടി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**